ഉത്തരം

(എ, ബി, സി, ഡി, ഇ, എഫ് & ജി) വിവരം ശേഖരിച്ചുവരുന്നു.

തൃശ്ശൂർ ജില്ലയിൽ പാട്ടത്തിന് നൽകിയ റവന്യൂ ഭൂമി

29 [643] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ സർക്കാർ റവന്യൂ ഭൂമി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമാണ് പാട്ടത്തിന് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) തൃശ്ശൂർ ജില്ലയിൽ റവന്യൂ ഭൂമി ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്; ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) പാട്ടത്തിന് നൽകിയിട്ടുള്ള സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് നൽകാൻ നിയമം അനുവദിക്കുന്നുണ്ടോ;

(ഡി) തൃശ്ശൂർ ബാലഭവന് എത്ര സെന്റ് റവന്യൂ ഭൂമി പതിച്ച് നൽകിയിട്ടുണ്ട്; എത്ര സെന്റ് സ്ഥലം പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) തൃശ്ശൂർ താലൂക്കിൽ കണിമംഗലം വില്ലേജിൽ ഉൾപ്പെടുന്ന കസ്തൂർബാഗാന്ധി ട്രസ്റ്റിന് എത്ര ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്; ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ്; ഇവർക്ക് ഈ സ്ഥലം പതിച്ചു നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(എഫ്) തൃശ്ശൂർ പട്ടണത്തിൽ ബാനർജി ക്ലബ്ബിന് എത്ര സെന്റ് റവന്യൂ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്; ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ജി) സർക്കാർ അനുവദിച്ചതിൽ കൂടുതൽ സ്ഥലം പ്രസ്തുത ക്ലബ്ബ് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഇവിടെ ഒരു സെന്റ് സ്ഥലത്തിന് എന്തു വില വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഐ) തൃശ്ശൂർ പബ്ലിക് ലൈബ്രറിക്ക് സർക്കാർ റവന്യൂ ഭൂമി പതിച്ചു നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ സർക്കാർ റവന്യൂ ഭൂമി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ആർക്കുംതന്നെ പാട്ടത്തിന് നൽകിയിട്ടില്ല.

(ബി) തൃശ്ശൂർ ജില്ലയിൽ റവന്യൂ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ പേരുവിവരങ്ങളടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1964-ലെ കേരള ഭൂമി പതിവു ചട്ടങ്ങളിൽ നിഷ്ക്കർഷിക്കുന്ന വ്യവസ്ഥകൾ പ്രകാരമാണ് പ്രസ്തുത ഭൂമികൾ പാട്ടത്തിന് നൽകിയിട്ടുള്ളത്.

(സി) ഇല്ല.

(ഡി) തൃശ്ശൂർ താലൂക്കിൽ, തൃശ്ശൂർ വില്ലേജിൽ സർവെ 266/1-ൽ പ്പെട്ട 50 സെന്റ് സ്ഥലം തൃശ്ശൂർ ജവഹർ ബാലഭവന് കളിസ്ഥലമായി ഉപയോഗിക്കുന്നതിന് 19-7-1991-ൽ ജില്ലാകളക്ടർ അനുവാദം നൽകിയിരുന്നു. പ്രസ്തുത ഭൂമി ടി ബാലഭവന് പാട്ടത്തിനു നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) തൃശ്ശൂർ താലൂക്കിൽ കണിമംഗലം വില്ലേജ് സർവെ 307, 308, 311 എന്നിവയിൽപ്പെട്ട 3.88 ഏക്കർ ഭൂമി കസ്തൂർബാഗാന്ധി നാഷണൽ മെമ്മോറിയൽ ട്രസ്റ്റിന് പാട്ടത്തിന് നൽകിയിട്ടുണ്ട്. 10-8-1999 വരെ ഏക്കറിന് 150 രൂപ നിരക്കിലാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്. ടി ഭൂമി പതിച്ചു നൽകുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ അനുമതി നൽകിയിട്ടില്ല.

(എഫ്) തൃശ്ശൂർ പട്ടണത്തിൽ തൃശ്ശൂർ ബാനർജി ക്ലബ്ബിന് റവന്യൂ ഭൂമി പാട്ടത്തിന് നൽകിയിട്ടില്ല. തൃശ്ശൂർ വില്ലേജ് സർവെ 246/1-ൽപ്പെട്ട 51 5/8 സെന്റും, 246/3-ൽപ്പെട്ട 2 3/8 സെന്റും റവന്യൂ പുറമ്പോക്ക് തൃശ്ശൂർ ബാനർജി ക്ലബ്ബ് കയ്യേറി കൈവശം വച്ചുവരുന്നതാണ്. എൽ.സി. ആക്ട് പ്രകാരം കയ്യേറ്റം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലവിലുണ്ട്.

(ജി) ബാധകമല്ല.

(എച്ച്) കണക്കാക്കിയിട്ടില്ല.

(ഐ) തൃശ്ശൂർ താലൂക്കിൽ ചെമ്പുക്കാവ് വില്ലേജ് സർവെ 268-ൽ 26 സെന്റ് ഭൂമി ഏക്കറിന് 1,000 രൂപ എന്ന സൗജന്യ നിരക്കിൽ തൃശ്ശൂർ പബ്ലിക് ലൈബ്രറിക്ക് 2001-ൽ പതിച്ചു നൽകിയിട്ടുണ്ട്.

## കോട്ടയം ജില്ലയിൽ പാട്ടം കുറവു ചെയ്ത സ്വകാര്യ വ്യക്തികളുടെ ഭൂമി

30 [644] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയുടെ പാട്ടം കുറവു ചെയ്ത ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്ന സ്വകാര്യ വ്യക്തികളുടെ എത്ര ഏക്കർ ഭൂമിയാണ് കോട്ടയം ജില്ലയിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമി ആരുടെയെല്ലാം കൈവശത്തിലാണെന്നും അവ എത്ര വീതമാണെന്നും വിശദമാക്കുമോ?

## ഉത്തരം

(എ) മീനച്ചിൽ താലൂക്കിൽ 00.00.34 ഹെക്ടർ

(ബി) മീനച്ചിൽ താലൂക്കിൽ അഗസ്തി ത്രേസ്യാ, ഇഞ്ചിപ്പറമ്പിലിന്റെ കൈവശത്തിൽ 00.00.34 ഹെക്ടർ.



LIBRARY ARCHIVES Kerala Legislative Assembly